"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ്- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.സിനി പ്രിയദർശിനി.വി.എ-യെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.**1488/2023/LBR** തീയതി,തിരുവനന്തപുരം, **05-12-2023**

---

പരാമർശം:-
1. സ.ഉ (അച്ചടി) നം .78/2023/ തൊഴിൽ തീയതി 30.09.2023
2. ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 25.11.2023 ലെ ഇ1-56/2021/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ/റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് യോഗ്യരായ ഉദ്യോഗസ്ഥരുടെ 2023 ലെ സെലക്ട് ലിസ്റ്റ് അംഗീകരിച്ച് പരാമർശം (1) പ്രകാരം സർക്കാർ അംഗീകരിച്ച് ഗസറ്റിൽ പുറപ്പെടുവിച്ചിരുന്നു. ദക്ഷിണ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ഡോ.ടീസ കോശി വിരമിച്ച ഒഴിവിലേയ്ക്ക് പ്രസ്തുത സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട അടുത്ത സീനിയർ ഉദ്യോഗസ്ഥയായ ഡോ.സിനി പ്രിയദർശിനി.വി.എ യെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിന് പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.സിനി പ്രിയദർശിനി.വി.എ യെ 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ഭാഗം - II, ചട്ടം (b)(i) പ്രകാരം 1,18,100 – 1,63,400/- രൂപ ശമ്പള സ്കെയിലിൽ റെഗുലർ അടിസ്ഥാനത്തിൽ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി കൊല്ലം ദക്ഷിണ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറായി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.

ഡോ.സിനി പ്രിയദർശിനി.വി.എ, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 05-12-2023 17:24:05

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്